12 താലോലം പദ്ധതിപ്രകാരമുള്ള ധനസഹായം

ശ്രീമതി കെ. കെ. ലതിക : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ നിരവധി പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. അതിൽ കേരളത്തിലെ കുഞ്ഞുങ്ങൾക്ക് ഏറെ ഗുണം ചെയ്യുന്ന പദ്ധതിയാണ് താലോലം പദ്ധതി. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലേക്ക് റെഫർ ചെയ്യുന്ന കുട്ടികൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ല. അതുകൊണ്ട് ഇത്തരം കുട്ടികൾക്കുകൂടി ഇതിന്റെ പ്രയോജനം ലഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, 27-2-2010-ലെ സർക്കാർ ഉത്തരവനുസരിച്ച് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് 'താലോലം പദ്ധതി' നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള 16 അംഗീകൃത ആശുപത്രികളിൽക്കൂടി മാരകരോഗം ബാധിച്ച 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിവരുന്നു. സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളെയും സംസ്ഥാനത്തിനകത്തെ സ്വകാര്യ ആശുപത്രികളെയും ഇപ്പോൾ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

13 മത്സ്യബന്ധനത്തിനിടെ ഉണ്ടായ അപകടമരണം

ശ്രീ. ബി. ബാബുപ്രസാദ് : സർ, 19-12-2010 പുലർച്ചെ കൊല്ലം നീണ്ടകര കടപ്പുറത്തുനിന്നും 65 നോട്ടിക്കൽ മൈൽ അകലെ മത്സ്യബന്ധനത്തിനുപോയ ഫിഷിംഗ് ബോട്ടിൽ കപ്പലിടിച്ച് കാണാതായ ഹരിപ്പാട് വലിയഴീക്കൽ സാദുപരത്തു വീട്ടിൽ രമേശൻ, പണിക്കശ്ശേരിൽ സാബു എന്ന കുട്ടൻ ഇവരെപ്പറ്റി ഇതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല. 123 കിലോമീറ്റർ കപ്പൽചാലിൽ ഉണ്ടായ അപകടത്തിലാണ് ഇവർക്ക് പരിക്കേറ്റ് ഇവരെ കാണാതായിരിക്കുന്നത്. ഈ അപകടത്തിൽത്തന്നെ സ്രാങ്ക് അഴീക്കൽ, പ്ലാക്കേത്ത് ശെൽവൻ, സുന്ദരശേരിൽ ചന്ദ്രബാബു, വലിയഴീക്കൽ പുത്തൻമണ്ണിൽ രഞ്ജീവൻ, തുറയിൽക്കടവ് കരിയിൽക്കിഴക്കതിൽ ഷൈജു, തറയിൽക്കടവ് കാലായിൽ ധർമ്മരാജൻ എന്നിവർക്ക് പരിക്കേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിലും കൊല്ലം ജില്ലാശുപത്രിയിലും പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഫിഷറീസ് വകുപ്പ് സംവിധാനങ്ങൾ, കോസ്റ്റ്ഗാർഡ്, നേവി തുടങ്ങിയ സന്നാഹങ്ങൾ തിരച്ചിൽ നടത്തിയെങ്കിലും കാണാതായ രണ്ടുപേരെ കണ്ടുപിടിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കാണാതായ കുട്ടൻ, രമേശൻ എന്നിവരുടെ വീടുകൾ സന്ദർശിച്ചതിൽനിന്ന് ആ കുടുംബങ്ങൾ ഇപ്പോഴും ഉത്കണ്ഠയിലും അവരുടെ അനാഥാവസ്ഥയിൽ വല്ലാത്തൊരു സാഹചര്യമാണ് ആ കുടുംബങ്ങളിൽ ഉണ്ടായിരിക്കുന്നത്. കാണാതായവർക്ക് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം കൊടുക്കാൻ നടപടി സ്വീകരിക്കണമെന്നും പരിക്കേറ്റ് കഴിയുന്നവർക്ക് ഉചിതമായ നഷ്ടപരിഹാരം നൽകണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു. മാസങ്ങൾക്കുമുമ്പ് കൊല്ലം വാടി കടപ്പുറത്ത് ബോട്ട് തകർന്ന് മരണമടഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly